# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 504 — 11.06.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. റ്റി.വി.രാജേഷ്

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം

| | | |
|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ആകെ ലഭിച്ച ബജറ്റ് വിഹിതം എത്ര വീതമായിരുന്നു; 2013 മാർച്ച് 31 വരെ എത്ര തുക ചെലവഴിച്ചു; | 2012-13 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകൾക്കു കീഴിൽ ഓരോ വകുപ്പിനും അനുവദിച്ച ബജറ്റ് വിഹിതം (2012-13-ലെ ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിച്ച തുക ഇവയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്? | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ വകുപ്പുകൾ ഭരണാനുമതി പുറപ്പെടുവിക്കുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം വിവിധ സാങ്കേതിക കാരണങ്ങളാൽ ചുരുക്കം ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2011-12, 12-13 സാമ്പത്തിക വർഷങ്ങളിലെ നിർദ്ദേശങ്ങളിൽ ഇതേവരെ ഭരണാനുമതി പുറപ്പെടുവിക്കാത്തതോ നിർവ്വഹണം ആരംഭിക്കാൻ കഴിയാത്തതോ ആയ പദ്ധതികൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ധനാഭ്യർത്ഥന യുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 2012-13 ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക (2012-13-ലെ ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കനുസരിച്ച് 2013 മാർച്ച് 31 വരെ ചെലവഴിച്ച തുക |
|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | |
| 1 | 2 | 3 | 4 |
| I | സംസ്ഥാന നിയമസഭ | 5796.14 | 5803.32 |
| II | സംസ്ഥാന ഭരണത്തലവൻമാർ മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 47239.57 | 38894.76 |
| III | നീതിന്യായ നിർവഹണം | 46587.96 | 41038.12 |
| IV | തെരഞ്ഞെടുപ്പുകൾ | 3264.45 | 3247.15 |
| V | കാർഷികാദായ നികുതിയും വിൽപന നികുതിയും | 17064.34 | 18037.67 |
| VI | ഭൂ നികുതി | 35338.42 | 32612.04 |
| VII | മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 13717.33 | 13063.84 |
| VIII | എക്സൈസ് | 15405.65 | 14688.16 |
| IX | വാഹന നികുതികൾ | 5753.07 | 5833.61 |
| 9.5 | കടബാധ്യതകൾ | 725732.76 | 552841.15 |
| X | ട്രഷറികളും അക്കൗണ്ടുകളും | 15053.05 | 15172.66 |
| XI | ജില്ലാഭരണവും പലവകയും | 35805.50 | 34563.04 |
| XII | പോലീസ് | 182182.90 | 197444.50 |
| XIII | ജയിലുകൾ | 7206.88 | 7258.77 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 32399.16 | 29252.71 |
| XV | പൊതുമരാമത്ത് | 509037.86 | 411677.74 |
| XVI | പെൻഷനും പലവകയും | 1078365.95 | 1104373.61 |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 1077554.18 | 1078686.85 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 303663.25 | 291343.82 |
| XIX | കുടുംബക്ഷേമം | 39879.25 | 32394.82 |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 100125.42 | 88393.60 |
| XXI | ഭവന നിർമ്മാണം | 44000.62 | 39031.47 |
| XXII | നഗര വികസനം | 106257.57 | 32189.21 |
| XXIII | വാർത്താവിതരണവും പ്രചരണവും | 7497.70 | 6478.54 |

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 2012-13 ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക (2012-13-ലെ ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കനുസരിച്ച് 2013 മാർച്ച് 31 വരെ ചെലവഴിച്ച തുക |
|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | |
| 1 | 2 | 3 | 4 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും. | 88732.16 | 81071.08 |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം. | 147642.55 | 125185.58 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 55699.02 | 17748.67 |
| XXVII | സഹകരണം. | 33070.75 | 29323.02 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 10569.60 | 9746.23 |
| XXIX | കൃഷി | 222018.29 | 195192.01 |
| XXX | ഭക്ഷ്യം. | 100412.31 | 99698.17 |
| XXXI | മൃഗസംരക്ഷണം. | 38338.03 | 38110.39 |
| XXXII | ക്ഷീര വികസനം. | 14236.34 | 13588.48 |
| XXXIII | മൽസ്യബന്ധനം. | 39675.47 | 33903.09 |
| XXXIV | വനം. | 40546.56 | 36079.00 |
| XXXV | പഞ്ചായത്ത് | 32671.37 | 23375.07 |
| XXXVI | ഗ്രാമവികസനം. | 41137.61 | 37087.32 |
| XXXVII | വ്യവസായങ്ങൾ | 94726.17 | 84717.17 |
| XXXVIII | ജലസേചനം. | 88836.61 | 54274.98 |
| XXXIX | വൈദ്യുത പദ്ധതികൾ | 19925.41 | 15182.32 |
| XL | തുറമുഖങ്ങൾ | 60922.03 | 29575.65 |
| XLI | ഗതാഗതം. | 156545.36 | 105993.66 |
| XLII | വിനോദസഞ്ചാരം. | 27713.25 | 27292.44 |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും. | 416398.37 | 402624.10 |
| | പൊതുക്കടം തിരിച്ചടയ്ക്കൽ | 968247.35 | 265652.12 |
| XLV | പലവക വായ്പകളും മുൻകൂറുകളും. | 15468.40 | 15344.56 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും. | 217024.18 | 206081.25 |
| **ആകെ** | | 7385486.17 | 6041167.52 |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – വ്യവസായ വകുപ്പ് |
| തൃശൂരിൽ  പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.- നഗരകാര്യ വകുപ്പ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ – ആഭ്യന്തര വകുപ്പ് |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാഡമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും – കായിക യുവജന ക്ഷേമ വകുപ്പ് |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ളക്സ്, വഴിക്കടവ് , മുത്തങ്ങ , ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ – നികുതി വകുപ്പ് |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ  സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി,  ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) – വിനോദ സഞ്ചാര വകുപ്പ് |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് – പ്രവാസി കാര്യ വകുപ്പ് |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്ക്  പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ളാസ് മുറി – വിദ്യാഭ്യാസ വകുപ്പ് |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് – ഗ്രാമ വികസന വകുപ്പ് |
| സാങ്കേതിക സർവ്വകലാശാല – ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| കുട്ടനാട് കാർഷിക ഗവേഷണ കേന്ദ്രം, കാർഷിക സൂപ്പർ മാർക്കറ്റ് , നാളികേര ചങ്ങാതിക്കൂട്ടം– കൃഷി വകുപ്പ് |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം – ഗതാഗത വകുപ്പ് |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം – പൊതുമരാമത്ത് വകുപ്പ് |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ, വല നിർമ്മാണ ഫാക്ടറി, കോൾഡ് ചെയിൻ, ഫിഷ് മെയ്ഡ് സ്കീം ഫിഷ് കിയോസ്കുകൾ– മത്സ്യബന്ധനം/ തുറമുഖം വകുപ്പ് |
| മാതൃക കയർഗ്രാമം പദ്ധതി , – കയർ വകുപ്പ് |
| വിവിധ ജില്ലകളിൽ പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും, ആറളത്ത് ഹോമിയോ ആശുപത്രി – ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് |
| കൈത്തറി ഗ്രാമം – കൈത്തറി വകുപ്പ് |
| ജനശ്രീ ബീമാ യോജന – തൊഴിൽ വകുപ്പ് |

സെക്ഷൻ ഓഫീസർ